INTERNATIONAL FOLK FILM FESTIVAL Thrissur
Reg No : TSR/TC/492/2017

Advisory Board:
Dr.CR Rajagopalan, KR Indira, Dr.Anandan Raghavan, PN Gopikrishnan, Dr.CS Biju, Dr.P Ranjit, VK Sreedharan, TK Pushkaran, Dr.Roshny Swapna,Dr.V Mohanakrishnan

Executive Committee
Cherian Joseph - President
Sadanandan K R -Vice President
Dr. K. P.Dileep Kumar–Vice President
K G Pransingh - Secretary
V K Sasikumar – Jt.Secretary
Baiju C B-Jt. Secretary
Jose K A (Treasurer)
Members
KP Radhakrishnan
M B Purushothaman
A Radhakrishnan
George P C ,Viyyur
P R Ramesh,Karinthalakoottam
Vinod Nambiar,VAYALI-Arangottukkara
NP Vareed,writer&Editor
JAYASREE KK,
Folklore Akademy AWARD Winner
Pramod ,Thudithalam Folk,Muthuvara
K V Vasanthan,Folk Artist
Nandana,Research Student
KR Charly,AIR
Asokan Panangat,Folk Curator
Sreelatha KS,writer
Seethal V S
TM Lekha, BSNL
Mini,Folk Artist, Mala
Narayanan TK
Sunny Rajan
Krishnakumar CM

# ഇന്റർനാഷണൽ ഫോക് ഫിലിം ഫെസ്റ്റിവൽ 2017
# അവലോകനം

ഇന്ത്യയിൽ ആദ്യമായി ഫോക്‌ലോർ പ്രമേയമാക്കിക്കൊണ്ടുള്ള ഇന്റർനാഷണൽ ഫോക്ക് ഫിലിം ഫെസ്റ്റിവൽ 2017 ഒക്ടോബർ 14 മുതൽ 18 വരെ തൃശ്ശൂരിലെ സെന്റ് തോമസ് കോളേജിലെ 3 വേദികളിലായി നടന്നു. വിവിധ വിഭാഗങ്ങളിലായി 20 ഫീച്ചർ സിനിമകളും 60 ഹ്രസ്വ - ഡോക്യുമെന്ററി സിനിമകളുമാണു പ്രദർശിപ്പിച്ചത്. ലോക പ്രശസ്ത ക്ലാസിക്ക് സംവിധായകരുടെ 'നാനൂക്ക് ഓഫ് ദി നോർത്ത്' (റോബർട്ട് ജെ. ഫ്‌ളഹർട്ടി), റഷ്യൻ സിനിമ 'ഷാഡോസ് ഓഫ് ഫോർഗോട്ടൺ ആൻസെസ്റ്റേഴ്സ്' (സെർജി പരഞ്ജാനോവ്), ഇറാൻ സിനിമ 'ഗാബ്ബെ' (മൊഹ്സൻ മക്മാൽബഫ്), ഫ്രഞ്ച് സംവിധായകനായ ടോണി ഗാറ്റ്‌ലിഫിന്റെ 'ലാച്ചോഡ്രോം', മംഗോളിയൻ സിനിമ 'ദി സ്റ്റോറി ഓഫ് എ വീപ്പിംഗ് ക്യാമൽ', സെനഗൽ സംവിധായകൻ ഒസ്മാനെ സെംബാനയുടെ 'മൂലാഡെ', മാലി സിനിമ 'യീലെൻ' എന്നീ സിനിമകൾ ലോകസിനിമാ വിഭാഗത്തിലും, ജയരാജിന്റെ 'കളിയാട്ടം', കേതൻ മേത്തയുടെ 'ഭാവ്നി ഭവായ്', പ്രിയനന്ദനന്റെ 'സൂഫി പറഞ്ഞ കഥ', ബി. വി. കാരന്തിന്റെ 'ചോമനദുഡി', കെ. പി. കുമാരന്റെ 'തോറ്റം', നരണിപ്പുഴ ഷാനവാസിന്റെ 'കരി', അലീഫ് ഷായുടെ 'ഓരോ പുഴയും പറയുന്നത്' എന്നീ സിനിമകൾ ഇന്ത്യൻ സിനിമ വിഭാഗത്തിലും ബയോ പിക് വിഭാഗത്തിൽ ബോബ് ഡിലാനെ കുറിച്ചുള്ള സിനിമ 'ഐ ആം നോട്ട് ദേർ' എന്ന സിനിമയും, ഫിലിമിക് ഫോക്ക് എന്നീ വിഭാഗത്തിൽ കെ. എം. മധുസൂദനന്റെ 'ബയോസ്ക്കോപ്പ്' എന്നീ സിനിമകൾ പ്രദർശിപ്പിച്ചു. റിട്രോസ്പെക്ടീവ് വിഭാഗത്തിൽ ജി. അരവിന്ദന്റെ കഥാചിത്രങ്ങളായ 'എസ്തപ്പാൻ', 'കുമ്മാട്ടി', 'കാഞ്ചനസീത', 'ഒരിടത്ത്' എന്നീ 4 സിനിമകൾ പ്രദർശിപ്പിച്ചു. രണ്ടാമത്തെ റിട്രോയിൽ ലോക പ്രശസ്തനായ ഫ്രഞ്ച് എത്നോഗ്രാഫിക് ഫിലിംമേക്കർ ജീൻ റൂഷിന്റെ മൂന്ന് സിനിമകൾ 'ക്രോണിക്കിൾ ഓഫ് എ സമ്മർ', 'ജഗ്വാർ', 'ആം ഐ നീഗ്രോ' എന്നിവ പ്രദർശിപ്പിച്ചു.

ഫിലിമിക് ഫോക് വിഭാഗത്തിൽ ലൂമിയർ ബ്രദേഴ്സിന്റെ സിനിമകളും ബയോപികിൽ പ്രശസ്ത സാഹിത്യക്കാരൻ യു. എ. ഖാദറിനെ കുറിച്ച് എൻ. ഇ. ഹരികുമാർ സംവിധാനം ചെയ്ത 'ഉറഞ്ഞാടുന്ന ദേശങ്ങൾ'ഉം, ജാർഖണ്ഡിലെ സാമൂഹ്യ പ്രവർത്തകനും പാർലിമെന്റ് അംഗവുമായിരുന്ന മുണ്ടയെകുറിച്ചുള്ള 'നാച്ചി സെ ബാച്ചി' (ബിജു ടോപ്പോ + മേഘനാഥ്)യും പ്രദർശിപ്പിച്ചു.

Executive Committee Cherian Joseph - President
Sadanandan K R -Vice President, Dr. K. P.Dileep Kumar–Vice President
K G Pransingh - Secretary , V K Sasikumar – Jt.Secretary
Baiju C B-Jt. Secretary, Jose K A (Treasurer),

സമകാലീന ഹ്യസ്വ ഡോക്യുമെന്ററി വിഭാഗത്തിൽ പ്രതീക് പ്രജോഷിന്റെ 'ഓൺലി സംടൈമ്സ് എ ഗോഡ്', വി. ശശികുമാറിന്റെ 'കുട്ടികുതിര', ശ്രീജിത്ത് പുളിക്കലിന്റെ 'അടിയാളരുടെ ഭാവപകർച്ചകൾ', സോംനാഥ് ഡേയുടെ 'കാത് പുട്ട്ലർ ദേശ്', ജീവ കെ. ജെയുടെ 'റിച്ച്ടർ സ്കെയിൽ 7.6' ശ്രീലാലിന്റെ 'കാളിയാട്ടം', രൺജിത്ത് കുഴൂരിന്റെ '18 ഫീറ്റ്', അതിഥി ചിത്രയുടെ 'ജേണി ടു നാഗലാൻഡ്', വിപിൻ വിജയുടെ 'വിഷപർവ്വം', വി. കെ. അനിൽകുമാറിന്റെ 'കനലാടി', രാജേഷ് ഭാസ്ക്കരന്റെ 'മാനുഷരെല്ലാരും ഒന്നുപോലെ', അലീഫ് ഷായുടെ 'കൊയ്ത്ത', ശ്രീശൻ രാജിന്റെ 'ഒരിറ്റ്' എന്നീ സിനിമകൾ പ്രദർശിപ്പിച്ചു.

കേരളത്തിലെ ആദ്യകാല ഫോക്‌ലോറിസ്റ്റുകളിൽ ഒരാളായിരുന്ന ചുമ്മാർ ചൂണ്ടലിന്റെ 'സുറിയാനി കല്ല്യാണം'വും ചുമ്മാർ ചൂണ്ടലിനെ കുറിച്ച് സി. ജി. പ്രിൻസ് സംവിധാനം ചെയ്ത 'നാടോടി' എന്ന ഡോക്യുമെന്ററിയും പ്രദർശിപ്പിച്ചു. പ്രൊഫ. വി. ജി. തമ്പി ചുമ്മാർ ചൂണ്ടലിനെ അനുസ്മരിച്ച് പ്രഭാഷണം നടത്തി. ചുമ്മാർ ചൂണ്ടലിന്റെ സഹോദരൻ ഡോ. പി. സി. ജോസ് പങ്കെടുത്തു.

സമകാലീന ഫോക്‌ലോർ ആചാര്യനായ ഡോ. സി. ആർ. രാജഗോപാലൻ ക്യൂറേറ്റ് ചെയ്ത 'ഉരുവം' പാക്കേജിൽ 'ഗദ്ദിക', 'ഡെസ്റ്റിനേഷൻ', 'പിണിയാൾ', 'മുടിയേറ്റ്', 'വിന്നോ മാജിക്' എന്നീ 5 സിനിമകൾ പ്രദർശിപ്പിച്ചു.

കോഴിക്കോട് സർവ്വകലാശാല EMMRC യുടെ പാക്കേജിൽ ദാമോദർ പ്രസാദ് ക്യൂറേറ്റ് ചെയ്ത 9 ഡോക്യുമെന്ററികൾ 'ദി ആർട്ട് ഓഫ് തെയ്യം', 'ദി ആർട്ട് ഓഫ് പടയണി',
'പാവ കഥകളി', 'കനവ് - എ സ്ക്കൂൾ വിത്ത് ഡിഫ്രൻസ്', 'റിഥംസ് ഓഫ് കേരള - പുള്ളുവകുടം', 'പപ്പെറ്റ്സ് ഓഫ് കേരള : ഷാഡോ പപ്പെറ്റ്സ്', 'സ്ട്രിംഗ് പപ്പെറ്റ്', 'ആറന്മുള മെറ്റൽ മിറർ', 'വയനാടൻ രാമായണ' എന്നിവ പ്രദർശിപ്പിച്ചു.

ആറങ്ങോട്ടുക്കര 'വയലി' പാക്കേജിൽ താഴെ പറയുന്ന 10 സിനിമകൾ പ്രദർശിപ്പിച്ചു. എം. ഭാഗ്യനാഥിന്റെ 'ദി സൗണ്ട്സ് ഓഫ് ആങ്ക്ലെറ്റ്' രാധാകൃഷ്ണൻ ചേമ്പ്രയുടെ 'പൂതൻ തിറ കളി', 'സർപ്പം തുള്ളൽ', 'തോൽപ്പാവകൂത്ത്', 'മാജിക് വീവേഴ്സ് ഓഫ് കിള്ളിമംഗലം', 'നിള', 'കൊയ്ത്ത', 'പ്രതിരോധത്തിന്റെ പാട്ടുകൾ' (രതീഷ് വാസുദേവൻ, അലീഫ് ഷാഹ്), 'ഇൻട്രോഡക്ഷൻ ടു വയലി' (ദാരുകനും കാളിയും).

16 രാജ്യങ്ങളിൽ നിന്നുള്ള ഫിലിം കാപ്സ്യൂൾസ് ഉൾപ്പെടുത്തികൊണ്ടാണു അശോകൻ പനങ്ങാട്ട് ക്യൂറേറ്റ് ചെയ്ത ഗ്ലോബൽ ഫോക്ക് വിഭാഗം പ്രദർശിപ്പിച്ചത്.

ഓപ്പൺ ഫോറത്തിൽ സംവിധായകരും നടന്മാരും പങ്കെടുത്തു പ്രിയനന്ദനൻ, പ്രകാശ് ബാരെ, എൻ. ഇ. ഹരികുമാർ, വി. കെ. അനിൽകുമാർ, സി. ജി. പ്രിൻസ്, അലീഫ് ഷാ, ലെനിൻ, ശ്രീലാൽ, ഡോ. വി. മോഹനകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

ഇന്റർനാഷണൽ ഫോക്ഫിലിം ഫെസ്റ്റിവൽ സെമിനാർ വേദിയിൽ 15 ഗവേഷകർ പ്രബന്ധം അവതരിപ്പിച്ചു. മേഘ രാധാകൃഷ്ണൻ (അനുഷ്ഠാന കലകൾ മലയാള സിനിമയിൽ - ആവിഷ്ക്കാരം, പ്രതിനിധാനം : തെയ്യത്തെ മുൻനിർത്തിയുള്ള അന്വേഷണം), നെവി ജോർജ്ജ് (വടക്കൻപാട്ട് സിനിമയിലെ നാടോടി സംസ്ക്കാരം - തിരഞ്ഞെടുത്ത വടക്കൻപാട്ട് സിനിമകളെ ആസ്പദമാക്കിയുള്ള പഠനം), അർച്ചന മോഹൻ (തെയ്യവും മലയാള സിനിമയും, പുലിജന്മം, കളിയാട്ടം എന്നീ സിനിമകളെ ആസ്പദമാക്കിയുള്ള പഠനം), സി. ജി. പ്രിൻസ് (ഇന്റർനാഷണൽ ഫോക്‌ലോറിസ്റ്റ്

Advisory Board:
Dr.CR Rajagopalan, KR Indira, Dr.Anandan Raghavan, PN Gopikrishnan, Dr.CS Biju, Dr.P Ranjit, VK Sreedharan, TK Pushkaran, Dr.Roshny Swapna,Dr.V Mohanakrishnan

പെർസ്പെക്ടീവ്), കെ. യു. ഹരിദാസ് (നാടൻ പാട്ടിന്റെ പ്രസക്തി – വിവിധ സിനിമാ ഗാനങ്ങളിൽ), ശ്രീജിത്ത് രമണൻ (മഹാഭാരതവും ഗോത്രസ്മൃതികളും), ഷീബ എ. സി (ബൈബിൾ ശൈലികളും ചൊല്ലുകളും – സമകാലീക സിനിമകളിൽ), വി. എം. വിനോദ് (പെർഫോർമൻസ് ഓഫ് തെയ്യം – എ ചെയ്ഞ്ചിംഗ് ഷെനേറിയോ), അനു പാപ്പച്ചൻ (ദി കൾച്ചറൽ അഡാപ്റ്റേഷൻ ഓഫ് ഫോക്‌ലോർ ഇൻ ഖസാക്ക്), വിഷ്ണു കണൂർ (കണ്യാർക്കളി – കലയും അനുഷ്ഠാനവും), രമ്യ സി. പി. (ചവിട്ടുകളിയിലെ കീഴാള ലോകങ്ങൾ), ഡോ. ബിജി കെ. ബി (രാമകഥ പൊറാട്ട് നാടകത്തിൽ), ഒ. ഡി. വർക്കി (പരിചമുട്ടു കളി – ക്രൈസ്തവ പാരമ്പര്യത്തിൽ), അനിത കുമാരി കെ. എസ് (സ്ത്രീ സ്വത്വാവിഷ്ക്കാരം – മുടിയേറ്റിൽ), ഡോ. അന്നം സിനി (കായംകുളം കൊച്ചുണ്ണി – ഗോത്ര സ്മൃതികളുടെ തുടർച്ച).

തൃശ്ശൂർ ചലച്ചിത്ര കേന്ദ്രം, ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റി ഓഫ് ഇന്ത്യ കേരള ഫോക്‌ലോർ അക്കാദമി, കേരള ചലച്ചിത്ര അക്കാദമി, തൃശ്ശൂർ നാട്ടുകലാകാരക്കൂട്ടം, വയലി ആറങ്ങോട്ടുകര, തൃശ്ശൂർ പബ്ലിക്ക് ലൈബ്രറി എന്നിവരുടെ ആഭിമുഖ്യത്തിലാണ് ഇന്റർനാഷണൽ ഫോക് ഫിലിം ഫെസ്റ്റിവൽ അഞ്ചു ദിവസങ്ങളിലായി തൃശ്ശൂർ സെന്റ്. തോമസ് കോളേജിലെ വിവിധ വേദികളിലായി നടന്നത്. ഫോക് ഫിലിം ഫെസ്റ്റിവൽ ഡയറക്ടർ ചെറിയാൻ ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഉദ്ഘാടന യോഗം ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി ശ്രീ. വി. എസ്. സുനിൽകുമാർ നിർവ്വഹിച്ചു. കോവിൽമല രാജാവ് രാമൻ രാജ മന്നാൻ മുഖ്യാതിഥിയായിരുന്നു. സെന്റ് തോമസ് കോളേജ് പ്രിൻസിപ്പാൾ ഡോ. പി. ഒ. ജെൻസൺ ഫെസ്റ്റിവൽ ബുക്ക് ശ്രീ. എ. രാധാകൃഷ്ണന് നൽകികൊണ്ട് പ്രകാശനം ചെയ്തു. എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ. പി. ദിലീപ് കുമാർ, ഡോ. സി. എസ്. ബിജു, ഡോ. റോഷ്നി സ്വപ്ന, രമേഷ് കരിന്തലക്കൂട്ടം, കെ. ജി. പ്രാൺസിംഗ് തുടങ്ങിയവർ സംസാരിച്ചു. ഫെസ്റ്റിവൽ ബുക്ക് എഡിറ്റർ എൻ. പി. വറീത്, കെ. പി. രാധാകൃഷ്ണൻ, ജോസ് കെ. എ., സി. ബി. ബൈജു തുടങ്ങിയവർ സന്നിഹിതരായിരുന്നു. നാടൻ കലാവതരണങ്ങളുടെ ഉദ്ഘാടനം മുഖ്യാതിഥി രാമൻ രാജ മന്നാൻ നിർവ്വഹിച്ചു. ഉദ്ഘാടന ദിവസം തൃശ്ശൂർ നാട്ടുകലാകാരകൂട്ടം അവതരിപ്പിച്ച 'തിത്തേരി' എന്ന നാട്ടുവാദ്യ സമന്വയം ഉണ്ടായി. തുടർന്ന് തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല തിയ്യേറ്റർ ക്ലബ്ബിന്റെ 'ടച്ച്' എന്ന നാടകവും ഉണ്ടായി.

14 മുതൽ 18 വരെ സായാഹ്നങ്ങളിൽ പി. ആർ. രമേശ്, ബൈജു സി. ബി, വസന്തൻ കെ. വി എന്നിവരുടെ നേതൃത്വത്തിൽ വിവിധ നാട്ടുകലാകാര സംഘടനകളുടെ അവതരണങ്ങളുണ്ടായി. കണിമംഗലം തൈവമക്കളിന്റെ 'കരിങ്കാളി', 'കരകാട്ടം', കുറുമ്പാല ഗോത്ര കലാസംഘത്തിന്റെ 'പടയണി', ഏങ്ങണ്ടിയൂർ കൈരളിയുടെ 'നാടൻപ്പാട്ട്', ആനന്ദപുരം കൂനാനുറുമ്പ് ഗ്രൂപ്പിന്റെ 'വട്ടമുടിയാട്ടം', മാളാ കരിന്തലക്കൂട്ടത്തിന്റെ 'കാളക്കോൽ', നാട്ടുവാദ്യസമന്വയം, മുതുവറ തുടിത്താളം ഗ്രൂപ്പിന്റെ 'നാടൻപ്പാട്ടുകൾ', കൈതോല ഫോക്മീഡിയ ഗ്രൂപ്പിന്റെ 'പരുന്താട്ടം', വയലി ആറങ്ങോട്ടുകരയുടെ 'ബാംബൂ സിംഫണി' എന്നീ നാട്ടുകലാ അവതരണങ്ങൾ ഫോക് ഫിലിം ഫെസ്റ്റിവലിന്റെ ഭാഗമായി അഞ്ച് ദിവസം ഗാന്ധി സ്മൃതി ഓപ്പൺ എയർ തിയ്യേറ്ററിൽ നടന്നു.

ഫെസ്റ്റിവലിനോടനുബന്ധിച്ച് 3 എക്സിബിഷനുകൾ നടക്കുകയുണ്ടായി. ആർക്കിയോളജി വകുപ്പ്, പുരാരേഖ വകുപ്പിന്റെയും, വയലി ആറങ്ങോട്ടുകരയുടെ 'കൈവേല പ്രദർശനം' പ്രധാന വേദികളിൽ നടന്നു. രാജൻ ചുങ്കത്ത്, ഷെബീർ പുഴയ്ക്കൽ, ശശി മേനോൻ, സുബിൻ ചെറുത്തുരുത്തി എന്നിവരുടെ ഫോട്ടോ എക്സിബിഷനുകളും ഫെസ്റ്റിവലിന്റെ ഭാഗമായി നടക്കുകയുണ്ടായി.

250 പ്രതിനിധികളും 200–ലധികം നാട്ടുകലാകാരന്മാരും സംഘാടകരും വിദ്യാർത്ഥികളും ഇന്റർ നാഷണൽ ഫോക് ഫിലിം ഫെസ്റ്റിവലിൽ ഭാഗഭാക്കായി.

ചെറിയാൻ ജോസഫ്
പ്രസിഡണ്ട്

കെ. ജി. പ്രാൺസിംഗ്
സെക്രട്ടറി